സഹകാര്യ മേഖലയിലെ കയർ വ്യവസായം

* 86 [94] ശ്രീ. ഈപ്പൻ കണ്ടക്കുടി:

,, ഡോക്ടർ ജോർജ്ജ് മാത്യു:

,, എം. വി. മാണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകാര്യ കയർ തൊഴിലാളികൾക്കും ചെറുകിട ഉല്പാദകർക്കും തൊണ്ട് ന്യായവിലയ്ക്ക് ലഭിക്കുന്നില്ല എന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇന്നത്തെ തൊണ്ടു വിതരണ സംഭരണ സംവിധാനം പുനഃസംഘടിപ്പിക്കണം എന്ന് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) സഹകാര്യതൊഴിലാളികൾക്കും ചെറുകിട ഉൽപ്പാദകർക്കും തൊണ്ട് ന്യായവിലയ്ക്കു ലഭിക്കുന്നില്ലെന്ന പരാതികൾ കിട്ടിയിട്ടില്ല. എന്നാൽ ആവശ്യത്തിനു തൊണ്ടു കിട്ടാൻ ബുദ്ധിമുട്ടുള്ളതായും പച്ച തൊണ്ടു നേരിട്ടു ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) സഹകാര്യ ഉടമയിലുള്ള ഉൽപ്പാദകർക്കു തൊണ്ടു ലഭ്യമാക്കുന്നതിനു ആവശ്യപ്പെടുന്നവർക്കെല്ലാം ഉദാരമായ രീതിയിൽ മൂവ്മെൻറു പെർമിറ്റുകൾ നൽകുന്നുണ്ട്.

(സി) ഇന്നത്തെ തൊണ്ടു വിതരണസംഭരണ സംവിധാനം പാടേ നീക്കണമെന്നു ചൂണ്ടിക്കാട്ടി മേഖലയിലുള്ള വ്യവസായികളിൽനിന്നും, തൊണ്ടു നിയന്ത്രണം കർശനമാക്കണമെന്നും സഹകരണ മേഖലയിലും സഹകാര്യ മേഖലയിലും ആവശ്യമായ തൊണ്ട് ഒരു സർക്കാർ ഏജൻസിവഴി സംഭരിച്ച് വിതരണം ചെയ്യണമെന്നും സഹകരണ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

ഡോക്ടർ ജോർജ്ജ് മാത്യു: ഏകദേശം 400 കോടി തേങ്ങ ഉണ്ടാകുന്നുണ്ടെന്നാണ് കണക്ക്. എന്നാൽ തൊണ്ടു സംഭരണത്തിൻെറ മൊത്തം കണക്കു നോക്കിയപ്പോൾ പതിമൂന്നു പതിനാലുകോടി മാത്രമേ കാണുന്നുള്ളു. അപ്പോൾ 380 കോടിയിൽപരം തൊണ്ടു സംഭരിക്കുവാൻ കഴിയാത്ത ഈ സംഭരണ സംവിധാനത്തിൽ എന്തോ അപാകതയുണ്ടെന്നു മനസ്സിലാക്കി അതൊന്നു പുനഃസംവിധാനം ചെയ്യാൻ ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോഴുള്ള സംവിധാനം മാറ്റുന്നതിനെപ്പറ്റി ഇപ്പോൾ തീരുമാനമെടുക്കാൻ നിവൃത്തിയില്ല. കാരണം കയർ വ്യവസായ രംഗത്തു പ്രത്യേകിച്ചും തൊണ്ടു സംഭരണകാര്യത്തിൽ എന്തു നയം സ്വീകരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറു നിയമിച്ചിട്ടുള്ള ഒരു കമ്മിറ്റി ഇപ്പോൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അവരുടെ പരിശോധനയുടെയും റിപ്പോർട്ടിൻെറയും അടിസ്ഥാനത്തിൽ മാത്രമേ ഒരു തീരുമാനമെടുക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ജോർജ്ജ് മാത്യു: ഈ വ്യത്യാസം കൊണ്ട് യഥാർത്ഥത്തിൽ സൊസൈറ്റികളിലെ തൊഴിലാളികൾക്കു നൂറു ദിവസത്തിൽതാഴെ മാത്രമേ ജോലി കിട്ടുന്നുള്ളു. എന്നാൽ ഇതിനകത്തു കളളക്കച്ചവടം നടക്കുന്നതുകൊണ്ട് പ്രൈവറ്റു മേഖലയിലുള്ളവർക്കു 300 ദിവസം ജോലി കിട്ടുന്നുണ്ടെന്നു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു പരിഹാര മാർഗ്ഗം കണ്ടുപിടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: കളളക്കച്ചവടം കുറെ നടക്കുന്നുണ്ടായിരിക്കാം. എന്നാൽ തൊണ്ടു ആവശ്യത്തിനു കിട്ടാതിരിക്കുവാനുള്ള കാരണം അതുമാത്രമല്ല. 400 കോടി തൊണ്ടുണ്ടെന്നു കണക്കുണ്ടെങ്കിൽ തന്നെ അതിന്റെ ഉപയോഗം വിവിധ രൂപത്തിൽ ചെയ്യുന്നുണ്ട്. ചിലർ തീ എരിക്കുവാൻവേണ്ടി തൊണ്ട് ഉപയോഗിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽനിന്നും ഈ തൊണ്ടു സംഭരിക്കുവാൻ കഴിയുന്നില്ല. കാസർകോടു പ്രദേശങ്ങളിൽ, കണ്ണൂരിന്റെ വടക്കൻ മേഖലകളിൽ തൊണ്ടു വേണ്ടത്ര ശേഖരിക്കുവാനും ഉപയോഗപ്പെടുത്തുവാനും കഴിയുന്നില്ല. അങ്ങനെ വിവിധ കാരണങ്ങളുണ്ട്. കുറെ ചകിരി വെളിയിലേയ്ക്കു പോകുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം സഹകരണ സംഘങ്ങൾക്കുവേണ്ടി സംഭരിച്ചത് 24 കോടി തൊണ്ടാണ്. സ്വകാര്യമേഖലയിൽ 68 കോടി തൊണ്ട് സംഭരിക്കുകയുണ്ടായി. ഇപ്പോഴത്തെ സംവിധാനമാണു അതിനു കുറ്റമെന്നു പറയുന്നതു ശരിയല്ല. ഇതിനെ സംബന്ധിച്ച ആകെയുള്ള നയം എന്തായിരിക്കണമെന്നു ഗവൺമെൻറു ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. മാണി: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതനുസരിച്ച് നമ്മുടെ ആവശ്യത്തിന്റെ പതിൻമടങ്ങു തൊണ്ട് ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പക്ഷേ കയർ മേഖലയിൽ പച്ചത്തൊണ്ടിന്റെ ക്ഷാമം രൂക്ഷമാണ്. അപ്പോഴും സംഭരണത്തിലും വിതരണത്തിലും കാര്യമായ പാകപ്പിഴകളുണ്ടെന്നു കണക്കിലെടുത്ത് സമഗ്രമായ ഒരു പഠനം നടത്താൻ ഗവൺമെൻറു ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പഠനം പലതും നടന്നിട്ടുണ്ട്. അനേകം പഠനങ്ങളും നടന്നിട്ടുണ്ട്. കേന്ദ്രഗവൺമെൻറിന്റെ തന്നെ പ്ലാനിംഗ് കമ്മീഷന്റെ നേതൃത്വത്തിൽ ഒരു പഠനസംഘം തൊണ്ടിന്റെയും കയറിന്റെയും മേഖലയിൽ എന്തു ചെയ്യണമെന്നു വിശദമായി പഠിച്ച് ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. അതിൽ സെൻട്രൽ ഗവൺമെൻറുമായി സംസ്ഥാന ഗവൺമെൻറിനു തർക്കമുള്ള പല കാര്യങ്ങളുമുണ്ട്. രണ്ടു കൂട്ടരും തമ്മിൽ വ്യത്യസ്തമായ വീക്ഷണം ഇക്കാര്യത്തിലുണ്ട്. നിയന്ത്രണംതന്നെ പൂർണ്ണമായും എടുത്തുകളയണമെന്നു പറയുന്നവരുണ്ട്. ലെവി സമ്പ്രദായം ഏർപ്പെടുത്തണമെന്നു പറയുന്നവരുണ്ട്. പക്ഷേ സംസ്ഥാനത്തിന്റെ നിലപാട് ഈ നിയന്ത്രണം കുറെക്കൂടി വിദഗ്ധമായി നടത്താൻ തക്കവിധത്തിൽ സംസ്ഥാനത്തിനു കൂടുതൽ അധികാരം വേണമെന്നുള്ളതാണ്. ഇതെല്ലാം പരിശോധിക്കുവാൻ വേണ്ടിയാണ് സെൻട്രൽ ഗവൺമെൻറ് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുള്ളത്.

ശ്രീ. ബി. വി. സീതിതങ്ങൾ: തൊണ്ടിനു ന്യായമായ വില കിട്ടാത്തതുകൊണ്ടാണ് തൊണ്ടു സഹകരണസംഘങ്ങൾക്കു കിട്ടാത്തതെന്നുള്ളതു ഗവൺമെൻറിനു ബോധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തൊണ്ടിനു ശരിയായ അടിസ്ഥാനവില നിശ്ചയിക്കുവാൻ ഒരുക്കമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: തൊണ്ടിനു വില കുറവാണെന്ന പരാതി വന്നപ്പോൾ അതു പരിശോധിക്കുകയും വില വർദ്ധിപ്പിക്കുകയും ചെയ്തു. കാലാകാലങ്ങളിൽ ന്യായമായ വില നിശ്ചയിക്കുവാനുള്ള സംവിധാനമുണ്ട്.

ശ്രീ. എ. വി. താമരാക്ഷൻ: കയർ പുനഃസംഘടനാ പ്രവർത്തനത്തിനു കേന്ദ്രഗവൺമെന്റിൽനിന്നും ശ്രീ. ശിവരാമൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റി റിപ്പോർട്ടു ഗവൺമെന്റിനു സമർപ്പിക്കുകയും ചെയ്തിരുന്നു. ആ റിപ്പോർട്ടിന്റെ ഉള്ളടക്കമെന്താണ്; ആ റിപ്പോർട്ടിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിനെസംബന്ധിച്ച് ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ആ റിപ്പോർട്ടിൽ പ്രത്യേകമായുള്ളത് തൊണ്ടിന്റെ നിയന്ത്രണത്തെ സംബന്ധിച്ച ശുപാർശയാണ്. ഇപ്പോഴത്തെ നിലയിൽ അതു പരാജയമാണെന്നും എടുത്തുകളയണമെന്നും പറഞ്ഞിട്ടുണ്ട്. കഴിയുമെങ്കിൽ ലെവി സമ്പ്രദായം ഏർപ്പെടുത്തുകയോ അല്ലെങ്കിൽ പരിപൂർണ്ണമായി നിയന്ത്രണം എടുത്തുകളയുകയോ ചെയ്യണമെന്നാണ് അതിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്. സഹകരണ സംഘങ്ങളിലെ വേതനത്തെ സംബന്ധിച്ച ശുപാർശയുമുണ്ട്. സഹകരണ സംഘം തൊഴിലാളികളുടേതായതുകൊണ്ട് അവിടെ മിനിമം വേജ് ഏർപ്പെടുത്തേണ്ട കാര്യമില്ല. ലാഭമുണ്ടെങ്കിൽ അവർ വീതിച്ചെടുത്തുകൊള്ളും, നഷ്ടമാണെങ്കിൽ സഹിക്കട്ടെ എന്ന നിലപാടാണ് കമ്മിറ്റി സ്വീകരിച്ചിട്ടുള്ളത്. യന്ത്രവൽക്കരണത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത്, കയർ വ്യവസായത്തിന്റെ താഴെ മേഖലയിൽ തൊഴിൽ കുറയത്തക്ക നിലയിൽ യന്ത്രവൽക്കരണം പാടില്ലെന്നുള്ളതാണ്. അതിനോടു ഗവൺമെന്റിനു യോജിപ്പുണ്ട്. പല കാര്യങ്ങളോടും ഗവൺമെന്റിനു യോജിപ്പുണ്ട്. ചിലതു യോജിപ്പില്ലാത്തതുമുണ്ട്. ഇക്കാര്യങ്ങളെല്ലാം കേന്ദ്രഗവൺമെന്റിന്റെ വ്യവസായ മന്ത്രി അടക്കമുള്ള ആളുകളും സംസ്ഥാനത്തിലെ മുഖ്യ മന്ത്രിയും വ്യവസായ മന്ത്രിയും അടക്കമുള്ള ആളുകളും തമ്മിൽ ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളും പരിശോധിക്കുവാൻ പുതിയ കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം അവസാനഘട്ടത്തിലെത്തിയിരിക്കുകയാണ്.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: പല എഞ്ജൻസികളുടെയും പല സംഘടനകളുടെയും കേന്ദ്ര സംസ്ഥാന തലത്തിലുള്ള ശുപാർശകളുടെയും അടിസ്ഥാനത്തിൽ തൊണ്ടു സംഭരണം ഗവൺമെന്റിനു കുത്തകയാക്കാൻ ഇന്നുള്ള അധികാരം പോരാ എന്നുള്ളതുകൊണ്ട് എസൻഷ്യൽ കമോഡിറ്റീസ് ആക്ടിൽ ഭേദഗതി വരുത്തി തൊണ്ടു സംഭരണം സംസ്ഥാന ഗവൺമെന്റിന്റെ കുത്തകയാക്കി സഹകരണ സംഘങ്ങൾക്കു ആവശ്യാനുസരണം തൊണ്ടു കിട്ടാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: എസൻഷ്യൽ കമോഡിറ്റീസ് ആക്ട് ഭേദഗതി ചെയ്യണമെന്നല്ല, എസൻഷ്യൽ ആർട്ടിക്കിൾസ് ആക്ടിൽ പെടുത്തിതരണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിപ്പോൾ കേന്ദ്ര ഗവൺമെന്റു പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. എസൻഷ്യൽ ആർട്ടിക്കിൾസ് ആക്ടിന്റെ പരിധിയിൽപെടുത്തിത്തരികയോ അതല്ലെങ്കിൽ എസൻഷ്യൽ കമോഡിറ്റീസ് ആക്ടു ഭേദഗതി ചെയ്യുകയോ ചെയ്യാമെന്ന നിലപാടിലേയ്ക്കു വരുമെന്നാണ് എനിക്കു തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശിവരാമൻ കമ്മിറ്റിയുടെ റക്കമെൻറേഷൻസ് സഹകരണ സംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും തൊണ്ടു സംഭരണത്തിനും ദോഷകരമാണെന്നുള്ളതുകൊണ്ട് അതു നടപ്പിലാക്കാതിരിക്കുവാൻ ശ്രദ്ധിക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇതിനെ സംബന്ധിച്ചുള്ള റക്കമെൻറേഷൻസിനെപ്പറ്റിയുള്ള ചർച്ചകളെല്ലാം നടന്നതിനുശേഷം പുതിയ തീരുമാനമെടുക്കുവാൻ വേണ്ടിയാണ് പുതിയ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്. കമ്മിറ്റി അവസാനഘട്ടത്തിലേയ്ക്കു വന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ജെ. ജോസഫ്: ഇന്നു ഈ രാജ്യത്തു പരക്കെ ആക്ഷേപിക്കപ്പെടുന്നത് സഹകരണസംഘങ്ങൾ മുഴുവൻ നഷ്ടത്തിലാണെന്നാണ്. ഇതൊരു വെളളാനയാണെന്നാണ് കേൾക്കുന്നത്. അങ്ങനെയാണെങ്കിൽ ഇതിനെ സംബന്ധിച്ചു പഠിക്കാനും നിജസ്ഥിതി ഈ രാജ്യത്തെ ജനങ്ങൾക്കു വിവരിച്ചു കൊടുക്കാനും നിഷ്പക്ഷമായ ഒരു കമ്മിഷനെ നിയമിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിനായി ഇപ്പോൾ ഒരു കമ്മിഷൻ ആവശ്യമാണെന്നു തോന്നുന്നില്ല. സഹകരണസംഘങ്ങൾ ആദ്യകാലങ്ങളിൽ നഷ്ടമായിരുന്നു. ആ സ്ഥിതിയെല്ലാം മാറി ഇപ്പോൾ നല്ല നിലയിൽ ഗവൺമെൻറിൻെറ സഹായമൊന്നുമില്ലാതെ തന്നെ നടക്കുന്ന അനേകം സ്ഥാപനങ്ങളുണ്ട്. ബാങ്കുകളിൽനിന്നും പണം വാങ്ങിച്ച് നടത്തുന്ന കൊൽപ്പുള്ള പല സംഘങ്ങളും ഇന്നുണ്ട്. ഇപ്പോൾ നല്ലനിലയിലാണ് ഭൂരിപക്ഷം സംഘങ്ങളും നടക്കുന്നത്.

ശ്രീ. എം. കെ. കൃഷ്ണൻ: തൊണ്ടുസംഭരണവും വിതരണവും ഉദ്ദേശിച്ചുകൊണ്ട് രണ്ടു സഹകരണസ്ഥാപനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്, ഒന്ന് തിരുവനന്തപുരത്തും മറ്റേത് കോട്ടയത്തും. ഈ രണ്ട് സഹകരണസംഘങ്ങളും സംഭരണത്തിനും വിതരണത്തിനും വേണ്ടി ശാസ്ത്രീയാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഈ സ്ഥാപനങ്ങൾ നഷ്ടത്തിലാണ്. ഈ സഹകരണസ്ഥാപനങ്ങൾ ഉദ്ദേശിക്കപ്പെട്ട തോതിലേയ്ക്ക് വിതരണവും സംഭരണവും എത്തിയിട്ടില്ലെന്നുള്ളത് ശരിയാണോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: രണ്ടു സംഘങ്ങൾ മാത്രമേ ഇപ്പോഴുള്ളു. എന്നാൽ അത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഇപ്പോഴും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ട് സഹകരണസ്ഥാപനങ്ങളുടെയും പ്രവർത്തനം അത്രത്തോളം തൃപ്തികരമാണെന്ന് ഞാൻ പറയുന്നില്ല. എന്നാൽ കോട്ടയത്തെ സംഘം ലാഭത്തിൽ നടക്കുകയാണ്, തിരുവനന്തപുരത്തെ സംഘം നഷ്ടത്തിലാണ്. ഇനി രൂപീകരിക്കുന്ന സംഘങ്ങൾ ഇപ്പോഴുള്ള സംഘങ്ങളുടെ കുറവുകളും കുറ്റങ്ങളും പരിശോധിച്ചുകൊണ്ടായിരിക്കും രൂപീകരിക്കുന്നത്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: കയർ വ്യവസായരംഗത്ത് പുനഃസംവിധാന പരിപാടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതു തന്നെ തൊഴിലാളികളുടെ സാമ്പത്തികമായ ഉന്നതിക്കുവേണ്ടിയാണ്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് സഹകാര്യ മുതലാളിമാർ കുറഞ്ഞ കൂലിപോലും കൊടുക്കാത്ത പരിതഃസ്ഥിതിയിൽ കയർവ്യവസായ സഹകരണസംഘങ്ങളെ പ്രോൽസാഹിപ്പിക്കുവാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: പ്രോൽസാഹിപ്പിക്കുവാനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ഒ. ലൂക്കോസ്: ചില സംഘങ്ങൾ ബാങ്കിൻെറ സഹായംകൊണ്ടു മാത്രം ലാഭകരമായി നടത്തുന്നു എന്നു പറഞ്ഞു. ആ സംഘങ്ങളിൽ പലതും 70 രൂപയ്ക്ക് മടൽ വാങ്ങി മൂടുകയും തൊഴിലാളികളെക്കൊണ്ട് തല്ലിക്കാതെ 140 രൂപയ്ക്ക് മുതലാളിമാർക്ക് വിൽക്കുകയും ചെയ്യുന്നതിൻെറ ഫലമായാണ് ഈ കുഴപ്പങ്ങൾ ഉണ്ടാകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഏതുസംഘമാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെടുത്തിയാൽ അന്വേഷിക്കാം.

ശ്രീ. സി. എ. കുര്യൻ: സഹകരണമേഖലയിൽ ജോലി ചെയ്യുന്ന ആളുകൾക്കു മാത്രമാണ്. ഇപ്പോൾ മിനിമം വേജസും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നത്. ഈ തൊഴിലിലേർപ്പെട്ടിരിക്കുന്ന പത്തുലക്ഷത്തിലധികം വരുന്ന തൊഴിലാളികൾക്കുകൂടി ഈ വക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി സഹകരണമേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടിയെടുക്കുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: സഹകരണമേഖല കൂടുതൽ ശക്തിപ്പെടുത്തണമെന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം അതനുസരിച്ചാണ് ഈ വർഷംതന്നെ 100 സൊസൈറ്റികൾ കൂടി സംഘടിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത്.

യാത്രാബുദ്ധിമുട്ടുകൾ

*87 [95] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഇന്നനുഭവപ്പെടുന്ന യാത്രാബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെങ്കിലും സത്വര നടപടി കൈക്കൊള്ളുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ദേശസാൽകൃതറൂട്ടുകളിൽ ഷെഡ്യൂളുകൾ ഓടിക്കുക, ക്യാൻസലേഷൻ പരമാവധി കുറയ്ക്കുക ഇവയാണ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്ന നടപടികൾ ഇപ്പോൾ ഇറക്കുന്ന പുതിയ ബസുകളിൽ ഭൂരിഭാഗവും പഴയ വണ്ടികൾ പിൻവലിക്കുവാൻവേണ്ടി ഉപയോഗിക്കുകയാണ്. തദ്വാരാ ക്യാൻസലേഷൻ കുറയ്ക്കാൻ സാധിക്കും. മറ്റു റൂട്ടുകളിൽ അധിക സർവ്വീസിൻെറ ആവശ്യം കണക്കിലെടുത്ത് ആർ. ടി. എ. കൾ പെർമിറ്റുകൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly